ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞ കാര്യം പരിശോധിക്കാം. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വിലവ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതായിരിക്കും. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി റബ്ബർ കർഷകർ അവരുടെ വ്യക്തിഗത വിവരങ്ങൾ www.ebtkerala.gov.in എന്ന വെബ്സൈറ്റിൽ റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റിമുഖേന രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇപ്രകാരം റബ്ബർ കർഷകർക്കുള്ള രജിസ്ട്രേഷൻ നടപടിക്ക് സർക്കാർ സമയപരിധി ഏർപ്പെടുത്തിയിട്ടില്ല. ഈ വിധം രജിസ്റ്റർ ചെയ്യപ്പെടുന്ന റബ്ബർ കർഷകരുടെ രജിസ്ട്രേഷന് റബ്ബർ ബോർഡ് അംഗീകാരം നൽകുന്നതോടെ കർഷകർ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായിത്തീരും. ഈ പദ്ധതിയിൽ ഇതുവരെ 11,386 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തതും എന്നാൽ കൈവശാവകാശം മാത്രമുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നതും റബ്ബർ ബോർഡിൽനിന്ന് ആനുകൂല്യം ലഭിക്കുന്നവരുമായ റബ്ബർ കർഷകർക്കും പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കേണ്ടതാണ് എന്ന ഉറച്ച നിലപാടാണ് സർക്കാരിനുള്ളത്. അതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇതിന്റെ കാലാവധി ഈ മാസം 30-ാം തീയതിവരെ മാത്രമേയുള്ളൂ എന്നാണ് പറയുന്നത്. അത് നീട്ടിക്കൊടുക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, കാലാവധി നീട്ടിക്കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

8. നിയമഭേദഗതി റദ്ദ് ചെയ്യൽ

ശ്രീ. വർക്കല കഹാർ : സർ, ഖാദിയുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഖാദിയെക്കുറിച്ച് ഓർക്കുമ്പോൾ മഹാത്മജിയെ ഓർമ്മ വരും; ഖാദിയെക്കുറിച്ച് ഓർക്കുമ്പോൾ ഉദിച്ചാൽ അസ്തമിക്കാത്ത ഒരു സാമ്രാജ്യത്തിന് എതിരെയുള്ള സ്വാതന്ത്ര്യസമര പോരാട്ടം

LIBRARY ARCHIVES Kerala Legislative Assembly

ഓർമ്മവരും; ഖാദിയെക്കുറിച്ച് ഓർക്കുമ്പോൾ കേളപ്പജിയെ ഓർമ്മവരും. സ്വാതന്ത്ര്യസമരത്തിൽ ഉണ്ടായിരുന്ന ആയിരക്കണക്കിന് വരുന്ന രക്തസാക്ഷികളെ ഓർമ്മ വരും. അങ്ങനെയുള്ള ഇന്ത്യൻ സ്വാതന്ത്ര്യസമരവും നമ്മുടെ ദേശീയ പ്രസ്ഥാനവുമായി ഏറ്റവും ബന്ധമുള്ളതാണ് ഖാദി. ശ്രീ. കെ. പി. മാധവൻ നായർ "ഖാദി ചുമന്ന അടയാളം എന്റെ മുതുകിലുണ്ട്" എന്ന് പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. നമ്മുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ വലിയ ഒരു ഘടകമായിരുന്ന ഖാദി പ്രചരണവും ഖാദി വിൽപ്പനയും. ഞാൻ ഇത് ഉന്നയിക്കാനുള്ള പ്രധാനപ്പെട്ട കാരണം, മാണി സാർ ചെറുപ്പം മുതൽ ഖാദി ധരിക്കുന്നയാളാണ്, ഖാദിയുമായി വലിയ ബന്ധമുള്ളയാളാണ്. 2004-ലെ വാറ്റ് നിയമപ്രകാരം വിൽപ്പന നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഖാദി തുണിത്തരങ്ങളെ ഇപ്പോൾ വിൽപ്പന നികുതി ബാധകമായ ഉൽപ്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇപ്രകാരം 2004-ലെ നിയമം ഭേദഗതി ചെയ്തതുവഴി 2015 ഏപ്രിൽ ഒന്ന് മുതൽ ഖാദിക്ക് ഒരു ശതമാനം വിൽപ്പന നികുതി നിലവിൽ വന്നിരിക്കുകയാണ്. റിബേറ്റ്, തൊഴിലാളികളുടെ ഇൻസെന്റീവ് തുടങ്ങി പൂർണ്ണമായും സർക്കാർ സബ്സിഡിയെ ആശ്രയിച്ച് നിലനിൽക്കുന്ന ഖാദി ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതി ഏർപ്പെടുത്തിയത് പരമ്പരാഗത ഖാദി വ്യവസായത്തെ പ്രതിസന്ധിയിലാക്കും. സർക്കാർ നയത്തിന് കടകവിരുദ്ധമായ ഈ നിയമഭേദഗതി റദ്ദാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ആകെ കിട്ടുന്നത് ഒരു കോടി രൂപയായിരിക്കും. പക്ഷേ ഇതുകാരണം ഖാദിയുമായി ബന്ധമുള്ള, ദേശീയ പ്രസ്ഥാനവുമായി ബന്ധമുള്ള ആയിരക്കണക്കിന് ആളുകളുടെ എതിരും വിരോധവും ഉണ്ടാകുമെന്ന് ഓർക്കണം. അതുകൊണ്ട് പറ്റിപ്പോയ തെറ്റ് തിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം. മാണി</u>): സർ, കഴിഞ്ഞ വർഷം ഒരുകോടി രൂപയ്ക്കുമേൽ ടേണോവറുള്ള വ്യാപാരികൾക്ക് 2 ശതമാനം ടേണോവർ ടാക്സ് ചുമത്തിയിരുന്നു. വ്യാപാരികൾ എല്ലാവരുടെയും ആവശ്യപ്രകാരമാണ് പ്രസ്തുത ടേണോവർ പിൻവലിച്ച് എല്ലാ തുണിത്തരങ്ങളുടെമേലും ഒരു ശതമാനം വാറ്റ് ഈവർഷം മുതൽ ചുമത്തിയത്. സംസ്ഥാനത്തിന് അകത്ത് വിൽക്കുന്ന ഖാദി കൈത്തറി ഉൽപ്പന്നങ്ങളിൽ ഏറിയപങ്കും അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന ഉൽപ്പന്നങ്ങളാണ്. ഖാദി, കൈത്തറി ഉൽപ്പന്നങ്ങൾ വാറ്റിൽനിന്ന് ഒഴിവാക്കിയാൽ അതിന്റെ ഗുണം കൂടുതലും ലഭിക്കുന്നത് അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന ഖാദി, കൈത്തറി ഉൽപ്പന്നങ്ങൾക്കാണ്. കൂടാതെ നിരവധി വ്യാപാരികൾ തുണിത്തരങ്ങളെതന്നെ കൈത്തറി, ഖാദി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നിങ്ങനെ തെറ്റായി വർഗ്ഗീകരിച്ച് നികുതി വെട്ടിപ്പ് നടത്തിയിരുന്നു. ഇത്തരം വെട്ടിപ്പ് ഒഴിവാക്കാനാണ് ഈ വർഷംമുതൽ എല്ലാ ഉണിത്തരങ്ങൾക്കുമേലും ഒരു ശതമാനം വാറ്റ് ചുമത്തുന്നത്. കൂടാതെ മറ്റ് ഉണിത്തരങ്ങൾക്കുകൂടി തെറ്റായി ഖാദി കൈത്തറി ഉണിത്തരങ്ങളായി വർഗ്ഗീകരിച്ച് നികുതിവെട്ടിപ്പ് നടത്താൻ സാധ്യത ഏറെയാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക്പോസ്റ്റ്വഴിവരുന്ന ഉണിത്തരങ്ങൾ പരിശോധിക്കുന്നത് പ്രായോഗികമല്ല. സംസ്ഥാനത്ത് നിലവിൽ ഉണിത്തരങ്ങളുടെ വിൽപ്പനയുടെ വെറും 5 ശതമാനംമാത്രമേ ഖാദി ഉൽപ്പന്നങ്ങൾക്ക് വരികയുള്ളൂ. അതിൽ ഏറിയ പങ്കും അന്യസംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളാണ്. സംസ്ഥാനത്തുള്ള ഖാദി, കൈത്തറി ഉൽപ്പാദന യൂണിറ്റുകൾ നികുതി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തുള്ള ഇത്തരം ഉൽപ്പാദന യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് സർക്കാരിന്റെ കടമയാണെന്ന് ഞാൻ കരുതുന്നു. എന്നാൽ എല്ലാ ഉണിത്തരങ്ങൾക്കും ചുമത്തിയിരിക്കുന്ന ഒരു ശതമാനം വാറ്റ് തുടരേണ്ടതുണ്ട്. അതുകൊണ്ട് സംസ്ഥാനത്തുള്ള ഖാദി, കൈത്തറി ഉൽപ്പാദന യൂണിറ്റുകൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ സബ്സിഡി നൽകുന്നകാര്യം പരിഗണിക്കുന്നതാണ്.

9. മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതി

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വർഷങ്ങൾക്ക് മുമ്പ് രൂപകൽപ്പന ചെയ്ത ഒരു കുടിവെള്ളപദ്ധതിയാണ് മംഗലം ഡാം കുടിവെള്ള പദ്ധതി. മംഗലം ഡാം ജലസ്രോതസ്സായി കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി പഞ്ചായത്തുകളിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയാണ് ആദ്യഘട്ടത്തിൽ പ്ലാൻ തയ്യാറാക്കിയത്. പിന്നീട് കണ്ണമ്പ്ര പഞ്ചായത്തുകൂടി അതിൽ ഉൾപ്പെടുത്തുകയുണ്ടായി. അങ്ങനെ 82 കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കിയ ഈ പദ്ധതിക്ക് 18-10-2014-ന് 20 കോടി രൂപ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഭരണാനുമതിയും നൽകുകയുണ്ടായി. എന്നാൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ തടസ്സങ്ങൾ തുടക്കംമുതൽ ഇതുവരെ ഉണ്ടായതുകൊണ്ട് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾകൂടി നടത്താൻ കഴിഞ്ഞിട്ടില്ല. അങ്ങ് മുൻകൈ എടുത്ത് എല്ലാ ഉദ്യോഗസ്ഥരുടെയും ഒരു യോഗം തിരുവനന്തപുരത്ത് വിളിച്ചുചേർക്കുകയുണ്ടായി. ഞാനും ശ്രീ. എ. കെ. ബാലനും അതിൽ പങ്കെടുത്തിരുന്നു. ആ യോഗത്തിന്റെ